സി.ജി.(1)13800/17 .

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി,03.08.2017.

# സർക്കുലർ 38/2017.

വിഷയം: സഹകരണ വകുപ്പ്–കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി – ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന:
1.സർക്കാരിന്റെ 11.02.2009 ലെ സ.ഉ. (പി) 33/2009/സഹ നം. ഉത്തരവ്.
2.സർക്കാറിന്റെ 18.11.2008 ലെ സ.ഉ (കൈ) 249/200/സഹ നം ഉത്തരവ്.
3.സർക്കാറിന്റെ30.03.2012 ലെ സ.ഉ(കൈ)42/2012/സഹ നം ഉത്തരവ്.
4.സർക്കാറിന്റെ 24.07.2014 ലെ സ.ഉ(കൈ)96/2014/ സഹ നം ഉത്തരവ്.
5.സർക്കാരിന്റെ 28.02.2016 ലെ സ.ഉ (സാധാ) 156/2016/ സഹ നം ഉത്തരവ്.
6.സഹകരണ സംഘം രജിസ്ട്രാറുടെ 33/2010/, 1/2012, 28/2013, 63/2013 നമ്പർ സർക്കുലറുകൾ.
7.കാരന്തൂർ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ 10.03.2017 ലെ നിവേദനം.

......

സൂചന സർക്കാർ ഉത്തരവുകൾ പ്രകാരം **"സഹകരണ റിസ്ക്ഫണ്ട് പദ്ധതി 2008"** നടപ്പിലാക്കിയിട്ടുള്ളതും ആയതിൽ കാലാകാലങ്ങളിലായി ഭേദഗതികൾ വരുത്തി നടപ്പിലാക്കി വരികയുമാണ്. സഹകരണ സംഘം രജിസ്ട്രാറുടെ സൂചന സർക്കുലർ പ്രകാരം അവ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നവർക്ക് പലപ്പോഴും അറിയില്ലെന്നും പലർക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നും ഇക്കാര്യത്തിൽ ഒരു പൊതു സർക്കുലർ പുറപ്പെടുവിയ്ക്കണമെന്നും സൂചന (7) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

സഹകരണ സംഘം രജിസ്ട്രാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും സഹകരണ രജിസ്ട്രാറുടെ സൂചന സർക്കുലർ നിലനിർത്തികൊണ്ട് പുതിയ നിർദ്ദേശങ്ങൾ സഹകരണ സംഘങ്ങളുടെയും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി ഈ സർക്കുലർ പുറപ്പെടുവിക്കുന്നു.

**പദ്ധതിയുടെ വിവരം**

1. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും സ്വർണ്ണപ്പണയ വായ്പ, നിക്ഷേപ വായ്പ ഒഴികെയുള്ള വായ്പകൾ എടുക്കുകയും വായ്പ എടുക്കുന്ന അംഗം വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഫണ്ടിൽ നിന്ന് നൽകും. ഒന്നിൽ കൂടുതൽ പേർ എടുത്ത കോ–ഒബ്ലിഗെന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണതീയതിയിൽ ബാക്കി

നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും അതിന്റെ പലിശയും ഫണ്ടിൽ നിന്ന് നൽകും. പിഴപലിശ, മറ്റു ചെലവുകൾ ഇവ സംഘം വഹിക്കണം.

2. വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട്മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ച യായി 6 മാസത്തിൽ അധികരിച്ചും മുതൽ തിരിച്ചടവിൽ വീഴ്ചവരുത്തിയാൽ ആനുകൂ ല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
3. വായ്പയെടുത്ത ശേഷം വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ മാത്രം വായ്പാ മുതലിനത്തിൽ പരമാവധി 75,000/- രൂപ ആനുകൂല്യം ലഭിക്കുന്ന പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു. മാരകരോഗം ബാധിച്ചവർ എന്നാൽ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധിച്ച അസുഖം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബ ന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ എയിഡ്സ് രോഗം ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ടി ബി ബാധിച്ചവർ എന്നിവരാണ്.
4. മുകളിൽ പറഞ്ഞിട്ടുള്ള ആനുകൂല്യം ലഭിക്കുന്നതിന് മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ വായ്പാക്കാരന് 70 വയസ്സ് അധികരിക്കരുത്
5. ഖണ്ഡിക (1) ൽ പറയുന്ന എല്ലാ സംഘങ്ങളുംഅതിൽപറയുന്ന വായ്പ അനുവദി യ്ക്കുമ്പോൾ തന്നെ വായ്പാ തുകയുടെ 0.35 ശതമാനം നിരക്കിൽ വായ്പാക്കാരിൽ നിന്നും പ്രീമിയം ഈടാക്കി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് അട യ്ക്കണം. അപ്രകാരം ഈടാക്കിയ തുക തൊട്ടടുത്ത മാസം 15-ാം തീയതിക്ക് മുമ്പ് തന്നെ ജില്ലാ സഹകരണ ബാങ്കിലുള്ള ടി ബോർഡിന്റെ അക്കൗണ്ടിൽ സ്റ്റേറ്റ്മെന്റ് സഹിതം അടയ്ക്കണം.
6. സഹകരണ റിസ്ക്ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡാണ്. ആനുകൂല്യത്തിനുള്ള അപേക്ഷ വായ്പാക്കാരൻ/അനന്തരാവ കാശി അതത് ബാങ്കിൽ സമർപ്പിക്കുകയും ബാങ്ക് അതത് അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിൽ (കമ്മിറ്റി തീരുമാനം സഹിതം) സമർപ്പിക്കേണ്ടതും അസിസ്റ്റന്റ് രജിസ്ട്രാർ ആയത് പരിശോധിച്ച് 15 ദിവസത്തിനകം ടി ബോർഡിന് അയച്ചുകൊടുക്കുകയും വേണം.
7. ടി പദ്ധതി സംഘാംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പദ്ധതിയെപ്പറ്റി വിവ രിച്ചിട്ടുള്ള കാര്യങ്ങൾ ഖണ്ഡിക (1) ൽ പറഞ്ഞിട്ടുള്ള എല്ലാ സംഘങ്ങളും, സംഘാംഗ ങ്ങൾക്ക് പ്രത്യേകിച്ച് ശ്രദ്ധയിൽപ്പെടുന്ന തരത്തിൽ ബാങ്ക് മന്ദിരത്തിലും ശാഖാ മന്ദിര

ത്തിലും പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. മുകളിൽ ഖണ്ഡിക (1) മുതൽ (6) വരെയുള്ള കാര്യങ്ങൾ പ്രത്യേകം അച്ചടിച്ച് വായ്പയെടുക്കുന്ന സമയത്ത് നൽകിയിരിയ്ക്കണം. കൂടാതെ മുൻപ് വായ്പ എടുത്തിട്ടുള്ള അംഗങ്ങൾക്ക് നൽകുന്നതിനായി അവ സംഘം ഹെഡ് ആഫീസ്, ശാഖ എന്നിവിടങ്ങളിൽ ലഭ്യമാക്കേണ്ടതുമാണ്.

8. ഈ പദ്ധതി സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്,
എസ്. ലളിതാംബിക ഐ എ എസ്.
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:
1. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം
2. ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി
   കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്
   ഗാന്ധാരിയമ്മൻ കോവിൽ റോഡ്, സ്റ്റാച്യൂ,തിരുവനന്തപുരം - 1
3. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
   തിരുവനന്തപുരം
5. ജനറൽ മാനേജർ
   എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
6. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
7. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
8. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
9. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
10. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
11. എഡിറ്റർ സഹകരണ വീഥി / സഹകരണ ജേർണൽ
12. വെബ്സൈറ്റ്
13. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)